# അമല ഭാഗ്യസ്

## മാവേലിക്കര ഭദ്രാസന ബുള്ളറ്റിൻ

Vol. 18 June 2024 No. 6




# മാർ യൂദാ തദ്ദായി ശ്ലീഹ

## (2024 ജൂൺ 19)



കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്: സംസ്ഥാന സമ്മേളനം
(എറണാകുളം, 2024 മെയ് 11)



ഭദ്രാസനതല ദൈവവിളി ക്യാമ്പ്
(കല്ലുമല, 2024 മെയ് 12-17)



ചെന്നിത്തല സെന്റ് ജോർജ്ജ്
മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയ കൂദാശ
(2024 മെയ് 19)

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ



## ഇടവകവൈദികർക്ക് നൽകുന്ന കത്ത്

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' ('Parish Priests for the Synod') എന്ന അന്താരാഷ്ട്ര സമ്മേളനവും നിങ്ങളെല്ലാവരോടു മായുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനുമുള്ള ഇടവകവൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരു അവസരം ലഭിച്ചിരിക്കുന്നു. നിങ്ങളെ എല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം വളരെ സാധാരണവും ആണെന്ന് തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർത്ഥ്യ മാക്കുന്നില്ല: നിങ്ങളുടെ സമർപ്പണവും അജപാലനശുശ്രൂഷയും കൂടാതെ സഭയ്ക്ക് മുന്നോട്ടു പോകാനാവില്ല. അതിനാൽ സർവോപരി, എല്ലാത്തരം നിലത്തും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് (മർക്കോ 4:1-25) ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്കു ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവയ്ക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ച റിഞ്ഞതുപോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയ

നഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി – ബോയ്നോസ് ഐറസിൽ എനിക്കത് വ്യക്തിപരമായി അറിയാവുന്നതാണ് – വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റേതന്നെ എന്നു പറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശങ്ങൾവരെയുള്ളവ; പല യൂറോപ്യൻ രാജ്യങ്ങളിലെയും നഗര കേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതന ബസിലിക്കകൾ ഉള്ളവയിൽ എന്നാൽ ശോഷിക്കുന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയ വൃക്ഷങ്ങളുടെ ശാഖകളുടെകീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടിവരുന്ന ഇടങ്ങൾവരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ട് ചെറിയകുട്ടികളുടെ സ്വരങ്ങളുമായി കലർന്നു പോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർക്കറിയാം. ഇക്കാരണത്താൽ, ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവക വൈദികരെകൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ച് സഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണ് സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാവില്ല. 'സിനഡാത്മകപാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്"[1].

ജ്ഞാനസ്നാനം സ്വീകരിച്ചവർ എല്ലാവരും സുവിശേഷം പ്രഘോഷിക്കുക എന്ന ഏക ദൗത്യത്തിൽ പങ്കാളികളായികൊണ്ട് ഇടവക സമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനാഡാത്മകവും പ്രേഷിതപരവും ആയ ഒരു സഭയായി തീരുകയില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനത്തിന്റെ ആദ്യസെഷനിലെ സംഗ്രഹ റിപ്പോർട്ട് (The Synthesis Report of the First Session of the XVI Ordinary General Assembly of the Synod of Bishops) ഇക്കാര്യത്തിൽ വളരെ വ്യക്തത ഉള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽ തുടങ്ങി ഇടവക സമൂഹത്തിന്റെ ജീവിതം

മുഴുവൻ അവലോകനം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: 'പ്രഥമമായും പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി, പ്രത്യേകിച്ച് കുടുംബജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തികളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും, തങ്ങളുടെ സാക്ഷ്യംവഴിയായി കർത്താവ് ചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവ്വം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവകസമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 10:17 കാണുക).

ഇടയന്മാർ എന്ന നിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു; അതേസമയംതന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ്തോലികതീക്ഷ്ണത എന്നിവകൊണ്ട് പ്രതിജ്ഞാബദ്ധരായിരിക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയ്ക്ക് ചേർന്നവിധം ആയിരിക്കുന്ന തിനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പാ യുടെയും മെത്രാൻമാരുടെയും റോമൻ കൂരിയായുടെയും ഇടവക വൈദികർ എന്ന നിലയിൽ നിങ്ങളുടെ ഓരോരുത്തരുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്ന് നാം അവിടത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടന്ന് നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്ക് മുന്നേറാനും ആഹ്വാനം ചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ച് നമുക്ക് നിശ്ചയമുണ്ട്: തന്റെ കൃപ നൽകാതെ അവിടന്ന് നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യങ്ങളിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാൻ ആകുമെന്ന് നാം കണ്ടെത്തും, അതോടൊപ്പംതന്നെ അതിന്റെ ഏറ്റവും ആധികാരികമായ അന്തസത്തെയും വീണ്ടും തിരിച്ചറിയും; അതായത്, ദൈവവചനത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പം മുറിക്കലിനായി ഒന്നിച്ചുചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികർ എന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, അതായത്, സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയെ പടുത്തുയർത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതിനായി താല്പര്യപൂർവ്വം ഇറങ്ങിത്തിരിക്കുന്നവരും ആയിരിക്കാൻ. ഈ ലക്ഷ്യപ്രാപ്തിക്കായി, ഇടയന്മാർ എന്ന നിലയിൽ നിങ്ങളുടെ ജീവിതശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ മൂന്ന് നിർദ്ദേശങ്ങൾ നൽകട്ടെ:

1. നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാ സിദ്ധി (ministerial charism) ഊർജ്ജിതമായ രീതിയിൽ ദൈവജനത്തിന്റെ ഇടയിൽ ആത്മാവ് വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്നവിധം ചെയ്തു തീർക്കുവിൻ. 'അല്മായരുടെ ഉന്നതവും താഴ്ന്നതുമായ വിവിധതരത്തിലുള്ള സിദ്ധികൾ വിശ്വാസത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക' (വൈദികശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാം കൗൺസിലിന്റെ ഡിക്രി: Presbyterorum Ordinis), എന്നത് അടിയന്തരമായി ചെയ്യേണ്ടതാണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷിക ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും സുവിശേഷവൽക്കരിക്കുന്നതിന് അനിവാര്യമായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും സുവിശേഷവൽക്കരണം എന്ന ശ്രമകരമായ പ്രവർത്തനത്തിൽ നിങ്ങൾ ഏകാകികൾ അല്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമെന്ന് ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെമേൽ ആധിപത്യം പുലർത്തുന്നവരല്ല, മറിച്ച് സ്ത്രീപുരുഷന്മാരിൽനിന്ന് മഹത്തരവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടുവരുന്ന യഥാർഥ പിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

2. സാമൂഹ്യവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസിക്കണമെന്ന് (learn the art of communaldiscernment) ഞാൻ ഹൃദയപൂർവം ആഗ്രഹിക്കുന്നു. അതിനായി നിങ്ങൾ 'ആത്മാവിലുള്ള സംഭാഷണം' ('conversation in the Spirit') എന്ന രീതി അവലംബിക്കുന്നത്

നന്നായിരിക്കും; സിനഡാത്മക സഞ്ചാരത്തിലും സിനഡാത്മക സമ്മേളനത്തിന്റെ പ്രക്രിയയിൽത്തന്നെയും അത് വളരെ ഉപകാരപ്രദമായിരുന്നു. അതുവഴിയായി, നിങ്ങൾ അനേകം സത്ഫലങ്ങൾ നേടുമെന്ന് എനിക്ക് തീർച്ചയുണ്ട്; അത് ഇടവക സമിതികൾ (parish councils) എന്ന കൂട്ടായ്മയുടെ ഘടനകളിൽ മാത്രമായിരിക്കുകയില്ല ഒതുങ്ങുന്നത്, മറിച്ച് മറ്റെല്ലാ രംഗങ്ങളിലും അതിന്റെ പ്രതിഫലനമുണ്ടാകും. സമഗ്ര റിപ്പോർട്ട് (Synthesis Report) വ്യക്തമാക്കുന്നതുപോലെ വിവേചിച്ചറിയൽ എന്നത് ഒരു സിനഡാത്മകസഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യ അംശമാണ്: 'അജപാലനസാഹചര്യങ്ങളിൽ വിവേചിച്ചറിയൽ അഭ്യസിക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിതത്തിന്റെ മൂർത്ത ഭാവങ്ങൾ പ്രകാശിപ്പിക്കുന്നതിനായി അത് വ്യത്യസ്തങ്ങളായ സാഹചര്യങ്ങൾ അനുസരിച്ച് രൂപപ്പെടുത്തിയിരിക്കുന്നു. സമൂഹത്തിൽ സന്നിഹിതമായിരിക്കുന്ന സിദ്ധികൾ നന്നായി തിരിച്ചറിയുന്നതിന് ഇത് സഹായകമാകും; അതായത്, യുക്തി പൂർവം ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും വിഭജിച്ചുകൊടുക്കുന്ന തിനും ആത്മാവിന്റെ പ്രകാശത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കുന്നതിനും അത് കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതികളുടെ നിവർത്തിയാക്കൽപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമാണെന്ന് മനസ്സി ലാക്കുന്നതിനുമാണ്' (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾ തമ്മിലും നിങ്ങളുടെ മെത്രാന്മാരുമായി പങ്കുവെയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. 'നിനക്ക് ലഭിച്ച ദൈവദാനം ഉജ്ജ്വലിപ്പി ക്കുക' (2 തിമോ 1:6) എന്ന വിഷയവുമായി സംഘടിപ്പിച്ച 'വൈദികരുടെ സ്ഥിരം രൂപവൽക്കരണത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ' (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരു സന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ഇവിടെ റോമിൽ നടന്ന ഈ സമ്മേളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്ത്

പ്രവർത്തിക്കുന്ന എണ്ണൂറിൽപരംപേർ, അതായത്, മെത്രാന്മാർ, വൈദികർ സമർപ്പിതസ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ, പങ്കെടുക്കുകയുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോദരരും ആയെങ്കിൽ മാത്രമേ തുടർന്ന് നമുക്ക് യഥാർഥ പിതാക്കന്മാർ ആയിത്തീരാനാവൂ. നമ്മുടെ കരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർത്തണമെങ്കിൽ എല്ലാറ്റിനും ഉപരിയായി ആദ്യം ആ യാഥാർഥ്യങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തല ത്തിൽ ഇക്കാര്യം അത്ര എളുപ്പമുള്ളതല്ലെന്ന് ഞാൻ മനസ്സി ലാക്കുന്നു; ഒരുപക്ഷേ, ഇത് സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽ മാത്രമേ നാം വിശ്വസനീയർ ആവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ളവർ മുമ്പേതന്നെ ഒരുമിച്ചു കൂട്ടിയത് ചിതറിക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിതപരവു മായ സഭയ്ക്കു മാത്രമല്ല ഇടവക വൈദികരെക്കൊണ്ട് ആവശ്യം. 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം' എന്ന വിഷയവുമായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയയിലും നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. വരുന്ന ഒക്ടോബർ മാസത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്ക് നാം ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്; അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ 'സിനഡിനുവേണ്ടി ഇടവക വൈദികർ' എന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും, തുടർന്ന് നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിൽ എത്തുമ്പോൾ നിങ്ങളുടെ സഹ ഇടവകവൈദികരുമായും സിനഡാ ത്മകതയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവകവൈദികരുടെ ശുശ്രൂഷയുടെ നവീകരണം ലക്ഷ്യംവെച്ചുകൊണ്ട് സിനഡാത്മകവും പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം

നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനുവേണ്ടിയുള്ള 'പ്രവർത്തന രേഖ' (Instrumentum Laboris) തയ്യാറാക്കാൻ ഇടവരട്ടെ. ഈ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ലക്ഷ്യം ഇടവക വൈദികരെ ശ്രവിക്കുക എന്നതായിരുന്നു; എന്നാൽ അത് ഇന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്ക് തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ഇതിൽ ഞാൻതന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽ നിന്ന് ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാസഹായവും എനിക്ക് ആവശ്യമുണ്ട്. വഴികാട്ടിയായ (Hodegetria), വഴിയുടെ രാജ്ഞിയായ (Our Lady of the Way), പരിശുദ്ധ കന്യകമറിയത്തിനു നമുക്ക് നമ്മെ ഭരമേൽപ്പിക്കാം. അവൾ നമുക്ക് വഴി കാണിച്ചുതരുന്നു; വഴിയും സത്യവും ജീവനുമായ യേശുവിലേക്ക് അവൾ നമ്മെ നയിക്കുന്നു.

2 മെയ് 2024

ഫ്രാൻസിസ് പാപ്പാ

Parish Priests for the Synod എന്ന International Meeting -ൽ പങ്കെടുത്ത 300 വൈദികരോടു സംസാരിച്ചുകൊണ്ട് ലോകം മുഴുവനുമുള്ള ഇടവക വൈദികരെ അഭിസംബോധന ചെയ്തത്.

[1] Address for the Commemoration of the Fiftieth Anniversary of the Establishment of the Synod of Bishops, 17 October 2015.

# SOLEMNITY OF PENTECOST



## HOMILY OF HIS HOLINESS POPE FRANCIS

St Peter's Basilica

Sunday, 19 May 2024

The account of Pentecost (cf. *Acts* 2:1-11) shows us two areas of the Holy Spirit's working in the Church: *in us* and *in mission*, with two characteristics: *power* and *gentleness*.

The Spirit's work in us is powerful, as symbolized by the signs of wind and fire, which are often associated with God's power in the Bible (cf. *Ex* 19:16-19). Without such power we would never be able to defeat evil on our own, nor overcome the "desires of the flesh" that Saint Paul refers to, those drives of the soul: "impurity, idolatry, dissension, and envy" (cf. *Gal* 5:19-21). They can be overcome with the Spirit who gives us the power to do so, for he enters into our hearts that are "parched, stiff and cold" (cf. Sequence *Veni Sancte Spiritus*). These drives spoil our relationships with others and divide our communities, yet the Spirit enters into our hearts and heals everything.

Jesus too shows us this when, prompted by the Spirit, he withdraws for forty days and is tempted in the desert (cf. *Mt.* 4:1-11). During that time his humanity also grows, is strengthened and prepared for mission.

At the same time, the Paraclete's working in us is also *gentle*: powerful and gentle. The wind and the fire do not destroy or reduce to ashes whatever they touch: the one fills the house where the disciples are, and the other rests gently, in the form of flames, on the head of each. This gentleness, too, is a feature of God's way of acting, one that we frequently encounter in the Scriptures.

It is reassuring to see how the same sturdy, calloused hand that first breaks up the clods of our passions, then gently, after planting the seeds of virtue, "waters" them and "tends" them (cf. *Sequence*). He lovingly protects these virtues, so that they can grow stronger and so that, after the toil of combatting evil, we may taste the sweetness of mercy and communion with God. The Spirit is like this: powerful, giving us the power to overcome, and also gentle. We speak about the *anointing* of the Spirit, the Spirit anoints us for he is with us. As a beautiful prayer of the early Church says: "Let your gentleness, O Lord, and the fruits of your love, abide with me" (*Odes of Solomon*, 14:6).

The Holy Spirit, who descended upon the disciples and remained at their side, that is, as the *"Paraclete"*, transformed their hearts and instilled in them "a serene courage which

impelled them to pass on to others their experience of Jesus and the hope which motivated them" (SAINT JOHN PAUL II, *Redemptoris Missio*, 24). Peter and John would later testify before the Sanhedrin, after being told "not to speak or teach at all in the name of Jesus" (*Acts* 4:18): "We cannot but speak of what we have seen and heard" (v. 20). And they possessed the power of the Holy Spirit to speak of these things.

This is also true of us, who received the Spirit in Baptism and Confirmation. From the "Upper Room" of this Basilica, like the Apostles, we too are being sent forth, particularly at the present time, to proclaim the Gospel to all. We are sent into the world "not only geographically but also beyond the frontiers of race and religion, for a truly universal mission" (*Redemptoris Missio*, 25). Thanks to the Spirit, we can and must do this with his own *power* and *gentleness*.

With the same power: that is, not with arrogance and impositions – a Christian is not arrogant, for his or her power is something else, it is the power of the Spirit – nor with calculation and cunning, but with the energy born of fidelity to the truth that the Spirit teaches us in our hearts and causes to grow within us. Consequently, we surrender to the Spirit, not to worldly power. We tirelessly proclaim peace to those who desire war, proclaim forgiveness to those who seek revenge, we proclaim welcome and solidarity to those who bar their doors and erect barriers, we proclaim life to those who choose death, we proclaim respect to those who love to humiliate, insult and reject, we proclaim fidelity to those who would sever every bond, thereby confusing freedom with a bleak and empty individualism. Nor are we intimidated by hardship, derision or opposition, which, today as always, are never lacking in the apostolate (cf. *Acts* 4:1-31).

At the same time that we act with this power, our proclamation seeks to be *gentle*, welcoming to everyone. Let us not forget this: everyone, everyone, everyone. Let us not forget the parable of those who were invited to the feast but did not want to go: "Go therefore to the streets and bring everyone, everyone, everyone, both the bad and the good, everyone" (cf. *Mt* 22:9-10). The Spirit grants us the power to go forth and call everyone with gentleness, he grants us the gentleness to welcome everyone.

All of us, brothers and sisters, are in great need of hope, which is not optimism; no, it is something else. We need hope. Hope is depicted as an anchor, there at the shore, and in clinging to its rope, we move toward hope. We need hope, we need to lift our gaze to horizons of peace, fraternity, justice and solidarity. This alone is the way of life, there is no other. Naturally, it is not always easy; indeed, there are times that the path is winding and uphill. Yet we know that we are not alone, we have the certainty that, by the help of the Holy Spirit and by his gifts, we can walk together and make that path more and more inviting for others as well.

Brothers and sisters, let us renew our faith in the presence of the Comforter, who is at our side, and continue to pray:

Come, Creator Spirit, enlighten our minds,

fill our hearts with your grace, guide our steps,

grant your peace to our world. Amen.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ
## ദൈവവിളി ദിനം 2024

### ദൈവവിളിയ്ക്കുവേണ്ടിയുള്ള
### സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ മെയ് 26-ാം തീയതി ദൈവവിളി ദിനമായി നാം ആചരിക്കുന്നു. സഭാവൽസരത്തിലെ ഏറ്റവും വലിയ തിരുനാൾ ദിനമായ പെന്തിക്കൊസ്തി തിരുന്നാൾ കഴിഞ്ഞ് വരുന്ന ഞായറാഴ്ചയാണ് ഈ വർഷത്തെ ദൈവവിളി ദിനം. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട ദിനമെന്ന നിലയിൽ പെന്തിക്കൊസ്തി തിരുന്നാൾ സഭയുടെ ജന്മദിനമാണ്. നമ്മുടെ സഭ ദൈവവിളി ദിനമായി ഇന്ന് ആചരിക്കുമ്പോൾ ധാരാളം യുവഹൃദയങ്ങൾ പരിശുദ്ധാത്മ അഭിഷേകത്താൽ പ്രചോദിപ്പിക്കപ്പെടുവാൻ ഇടവരട്ടെ. വിശുദ്ധ കന്യകാമറിയവും ശിഷ്യന്മാരും പത്തുദിവസം പരിശുദ്ധാത്മാവിനായി പ്രാർത്ഥിച്ച് ദാഹിച്ച് കാത്തിരുന്നതുപോലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി ധാരാളം ദൈവവിളികൾ നൽകി സഭയെ സമ്പന്നമാക്കണമെന്ന് നമുക്ക് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം.

പരിശുദ്ധ കത്തോലിക്കാ സഭയിൽ ദൈവവിളി എന്ന ആശയം വേരുന്നിയിരിക്കുന്നത് ഓരോ വ്യക്തിയും ദൈവത്താൽ ഒരു പ്രത്യേക ലക്ഷ്യത്തിലേക്കോ, ജീവിതത്തിന്റെ നിയോഗത്തിലേക്കോ

വിളിക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസത്തിലാണ്. അത് പൗരോഹിത്യമോ, സന്യാസ ജീവിതമോ, വിവാഹ ജീവിതമോ ആകട്ടെ, ഓരോ വ്യക്തിയിലും ദൈവത്തിൽനിന്നുള്ള ഒരു വിളിയുണ്ട് എന്ന് സഭ എന്നും വിശ്വസിക്കുകയും അത് പ്രോത്സാഹിപ്പിക്കേണ്ടത് അവളുടെ കടമയായി കണ്ടുകൊണ്ട് ഏറെ താല്പര്യത്തോടെ അത് നിർവഹിക്കുകയും ചെയ്യുന്നു.

നമ്മുടെ സഭയ്ക്കുള്ളിൽ ദൈവവിളികളെ അവയുടെ എല്ലാ രൂപങ്ങളിലും വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം സൃഷ്ടിക്കപ്പെടണം. അത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്തമാണ്. നമ്മുടെ ജീവിതം ദൈവഹിതത്തിന് അനുസരണമായി രൂപപ്പെടുത്തുകയും, മറ്റുള്ളവർക്ക് ദൈവഹിതം തിരിച്ചറിഞ്ഞ് അതിനോട് വിവേചനാപൂർവ്വം പ്രത്യുത്തരിക്കാൻ ആവശ്യമായ പിന്തുണ നൽകുകയും ചെയ്തുകൊണ്ട് നമുക്ക് ഇത് നിർവഹിക്കുവാൻ സാധിക്കും.

ദൈവം ഒരു വ്യക്തിയെ സ്നേഹിക്കുന്നുവെന്നുള്ള ഉറച്ച ബോദ്ധ്യമാണ് ആ വ്യക്തിയുടെ ദൈവവിളിയുടെ കേന്ദ്രം. ദൈവവിളിക്ക് എപ്പോഴും തുടക്കമിടുന്നത് ദൈവം തന്നെയാണ്. സമർപ്പണ ജീവിതത്തിൽ തന്നെ അനുഗമിക്കുവാൻ വിളിക്കുന്നത് യേശുതന്നെയാണ്. വി. പൗലോസിനോടൊത്ത് "ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ. 2:20) എന്ന് പറയത്തക്കവിധം സ്വന്തമായ പദ്ധതികളെല്ലാം ദൈവതിരുമനസ്സിനനുസരിച്ച് ഭേദഗതി ചെയ്ത്, യേശുവിലും അവിടുത്തെസുവിശേഷത്തിലും ജീവിതം കേന്ദ്രീകരിക്കത്തക്കവിധം ആ വ്യക്തിയിൽ നിന്നുതന്നെ ഒരു പുറപ്പാട് അനുസ്യൂതം ഉരുത്തിരിയണമെന്നതാണ് ഇതിന്റെ അർത്ഥം. 'ദൈവവിളികൾ ദൈവസ്നേഹത്തിന്റെ വരദാനം' എന്നാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പറഞ്ഞത്. ആത്മസമർപ്പണത്തിന്റെയും ദൈവസ്നേഹത്തിന് ഹൃദയം തുറന്നിടുന്നതിന്റെയും മണ്ണിലാണ്, ആ സ്നേഹത്തിന്റെ കനിയായി, എല്ലാ ദൈവവിളികളും പിറ

ക്കുന്നതും വളരുന്നതും.

തന്റെ ദൈവവിളിയെ അനുസ്മരിച്ചുകൊണ്ട് ഫ്രാൻസ്സിസ് പാപ്പാ പറഞ്ഞു: അറിഞ്ഞോ അറിയാതെയോ കാത്തിരിക്കുന്ന ഹൃദയത്തിന് ദൈവം നൽകുന്ന ക്ഷണമാണ് ദൈവവിളി. ദൈവവിളികൾ കുറയുന്നതുകണ്ട് നിങ്ങളുടെ ഹൃദയം തീക്ഷണതയോടെ പ്രാർത്ഥിക്കുന്നുണ്ടോ? സാമുവേൽ പ്രവാചകന്റെ അമ്മ ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ച അതേ ഹൃദയവ്യഥയോടെ നിങ്ങൾക്ക് ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുമോ എന്ന് ഫ്രാൻസ്സിസ് പാപ്പാ ചോദിക്കുന്നു.

ദൈവവിളിയുടെ രഹസ്യം ദൈവത്തിന് മാത്രമെ അറിയൂ. സമർപ്പിതജീവിതം ഒരു രൂപപ്പെടുത്തലാണ്. കുശവൻ ചെളിയുടെ രൂപത്തെ മാറ്റി ഒരു മൺകലമാക്കി രൂപപ്പെടുത്തുന്നതുപോലെ ക്രിസ്തു രൂപപ്പെടുത്തുകയാണ് ഓരോ സമർപ്പിതരെയും. ദൈവത്തെയും സഹോദരങ്ങളെയും ശുശ്രൂഷിക്കുന്നതിനുവേണ്ടി പൂർണ്ണമായും എന്നേയ്ക്കും സമർപ്പിതരാവുക എന്നത് മനോഹരമാണ്, വലിയ കൃപയാണ്.

ദൈവവിളി പ്രോൽസാഹനരംഗത്ത് നാം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്:

ഒന്നാമതായി, പ്രാർത്ഥനയാണ്. പൗരോഹിത്യ ജീവിതത്തിലേക്കോ, സന്യാസജീവിതത്തിലേക്കോ ഉള്ള ഓരോ ദൈവവിളിയുടെയും മുന്നിലും പിന്നിലും എപ്പോഴും ആരുടെയൊക്കെയോ ശക്തവും തീക്ഷണവുമായ പ്രാർത്ഥനയുണ്ട്. അതുകൊണ്ടാണ് യേശു ഇങ്ങനെ അരുളിചെയ്തത് "അതിനാൽ തന്റെ വിളഭൂമിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9:38). ദൈവവിളികൾ ജനിക്കുന്നത് പ്രാർത്ഥനയിൽനിന്നുമാണ്. പ്രാർത്ഥനയിലൂടെ മാത്രമെ അവയ്ക്ക് നിലനിൽക്കുവാനും

ഫലം പുറപ്പെടുവിക്കാനും കഴിയൂ.

രണ്ടാമതായി, പഠിപ്പിക്കുക. എങ്ങനെ പ്രാർത്ഥിക്കണമെന്ന് യുവതിയുവാക്കളെ പഠിപ്പിക്കുക. ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ പറഞ്ഞു, എങ്ങനെ പ്രാർത്ഥിക്കണമെന്ന് നാം നമ്മുടെ യുവാക്കളെ പഠിപ്പിക്കുന്നില്ലെങ്കിൽ, ദൈവവുമായുള്ള ആഴത്തിലുള്ള ബന്ധത്തിലേക്കും സഭയുടെ ശിഷ്യത്വത്തിലേക്കും ദൈവം അവരെ വിളിക്കുന്നത് അവർ ഒരിക്കലും കേൾക്കുകയില്ല.

മൂന്നാമതായി, ക്ഷണിക്കുക. പൗരോഹിത്യത്തിലേക്കോ സന്യാസ ജീവിതത്തിലേക്കോ വിളി സ്വീകരിക്കാൻ യുവാക്കളെയും കൗമാരക്കാരെയും ക്ഷണിക്കുക. ആ ക്ഷണം അവരിലെത്താൻ ഫലപ്രദമായ മാർഗങ്ങൾ നാം ഉപയോഗിക്കണം.

നാലാമതായി, ആകർഷകമാക്കുക. പൗരോഹിത്യം യഥാർത്ഥത്തിൽ എന്താണെന്ന് കാണിക്കുക - ദൈവജനത്തിന്റെ മുഴുവൻ ഒരു ആത്മീയ പിതാവാകാനുള്ള ആഹ്വാനം. അതുപോലെ, ഒരു യുവതിയുടെ സമർപ്പിത ജീവിതം, അതുല്യമായ രീതിയിൽ ക്രിസ്തുവിനോട് ഐക്യപ്പെടാനും അവളുടെ ജീവിതത്തിലും സേവനത്തിലും കണ്ടുമുട്ടുന്നവർക്ക് ഒരു ആത്മീയ മാതാവാകാനുമുള്ള ആഹ്വാനമാണ്.

അഞ്ചാമതായി, പ്രസംഗിക്കുക. ഇടവകകളിലും ഭവനങ്ങളിലും ഒരു 'ദൈവവിളി സംസ്കാരം' വേരുറപ്പിക്കണമെങ്കിൽ ദൈവവിളികളെ കുറിച്ച് പതിവായി സംസാരിക്കണം. ഓരോ വ്യക്തിയുടെയും വളർച്ചയെ സാരമായി ബാധിക്കുകയും അതിന്റെ ദിശകളെ ഒരു പരിധിവരെ സ്വാധീനിക്കുകയും ചെയ്യുന്നത് ആ വ്യക്തി വളരുന്ന സംസ്ക്കാരമാണ്. കുടുംബം, വിദ്യാലയം, ഗുരുജനങ്ങൾ, കൂട്ടുകെട്ടുകൾ, ദൈവാലയം, ദൃശ്യശ്രാവ്യ മാധ്യമങ്ങളും വിനോദങ്ങളും, മറ്റ് സ്വാധീനരംഗങ്ങൾ ഇവയിലെല്ലാം ഒരു ദൈവവിളി സംസ്ക്കാരം വളർത്തിയെടുക്കാനും ദിശാബോധം നൽകാനും സാധിക്കണം.

ആറാമതായി, നല്ല വൊക്കേഷൻ പ്രൊമോട്ടേഴ്സായി വർത്തിക്കുക. ഓരോ ക്രിസ്ത്യാനിയും സഭയുടെ വളർച്ചയ്ക്ക് ഉത്തരവാദിയാണ്. ഓരോരുത്തരുടേയും തനതായ ശൈലിയിൽ സഭാ വളർച്ചക്കായി പ്രവർത്തിക്കുക എന്നത് പ്രധാനപ്പെട്ട ദൗത്യമാണ്. അതിനാൽ എല്ലാവരും വൊക്കേഷൻ പ്രൊമോട്ടേഴ്സ് ആണ്. സഭയുടേയും വ്യക്തിയുടേയും നന്മയും അഭിവൃദ്ധിയും കണ്ടു തന്നെ വേണം ഓരോരുത്തരും പ്രവർത്തിക്കാൻ. ചെറുപ്രായം മുതൽ തന്നെ ദൈവവിളി ചിന്തകൾ കുട്ടികൾക്ക് കൊടുക്കുക എന്നതും അതിനെ പരിപോഷിപ്പിച്ച് ആത്മീയ തലത്തിലേക്ക് വളർത്തുക എന്നതും കടമയാണ്. വിശ്വാസജീവിതത്തിലേക്ക് യുവജനങ്ങളെ നയിക്കുന്ന സഹയാത്രികരാണ് ഓരോ വൊക്കോഷൻ പ്രൊമോട്ടറും.

സമർപ്പണജീവിതത്തിലേക്കുള്ള വിളി ലഭിക്കുന്നത് ഒരു ദൈവകൃപയാണ്. ഈ ജീവിതം തെരഞ്ഞെടുക്കാൻ സുപ്രധാനമായ 3 കാര്യങ്ങൾ ആവശ്യമാണ്, വിശ്വാസം, പ്രാർത്ഥന, സമർപ്പണം. യേശു ആരാണെന്നും അവിടുത്തെ ജീവിതം എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച് ഈ വിളി സ്വീകരിക്കുന്നവർക്കും മാതൃകയാണെന്നുള്ള വിശ്വാസം. പ്രാർത്ഥന കൂടാതെ ദൈവവിളി ശ്രവിച്ച് യേശുവിനെ അനുകരിക്കാനുള്ള അഭിലാഷമുണ്ടാകില്ല. സമർപ്പണം കൂടാതെ ദൈവവിളിയോട് പ്രത്യുത്തരിച്ച് യേശുവിനോടുള്ള സ്നേഹത്താൽ സർവ്വവും പരിത്യജിക്കാനുള്ള ക്ഷമാശീലമുണ്ടാകില്ല. ഈ മൂന്നും ദൈവവിളിയെന്ന വിത്ത് സ്വീകരിക്കുവാനുള്ള നിലമൊരുക്കി കൊടുക്കുന്നവയാണ്. വി.തോമസ് അക്വിനാസ് എഴുതുന്നു: എന്തിന്റെയെങ്കിലും പേരിലുള്ള തീക്ഷ്ണമായ സ്നേഹത്താലും അഭിലാഷത്താലും മനസ്സ് ശക്തിപൂർവ്വം ആമഗ്നമാകുമ്പോൾ അതിന്റെ ഫലമായി മറ്റുള്ള സംഗതികളെല്ലാം ഒരു വശത്തേക്ക് ഒരുക്കിമാറ്റപ്പെടുന്നു. അതിനാൽ മനുഷ്യമനസ്സ് ദൈവികകാര്യങ്ങളിലുള്ള സ്നേഹത്താലും അഭിലാഷത്താലും തീക്ഷണമായി നിറയു

മ്പോൾ ഒരുവന് പരിപൂർണ്ണത സിദ്ധിക്കുകയും അതിന്റെ ഫലമായി ദൈവത്തിൽനിന്ന് ഉത്ഭവിക്കാത്തവയിൽനിന്ന് അവനെ പിന്നോക്കം പായിക്കുന്ന എല്ലാറ്റിനെയും അവൻ തള്ളികളയുകയും ചെയുന്നു. (Summa Contra Gentiles, III, c.130). ഇതാണ് സമർപ്പണ ജീവിത ത്തിലുള്ളവരെ നയിക്കുന്ന പ്രധാന ഘടകം.

ദൈവവിളിയ്ക്കായി നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും പ്രാർത്ഥിക്കണമെന്ന് ഏറ്റവും സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ഒരു ചെറിയ പ്രാർത്ഥന ഇതോടൊപ്പം ചേർക്കുന്നു. "തന്റെ വിളഭൂമി യിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" എന്ന് ശിഷ്യൻമാരോടായി അരുളിചെയ്ത കർത്താവേ, സഭാശുശ്രൂഷയ്ക്കും സുവിശേഷപ്രചരണത്തിനും സന്നദ്ധരായ വൈദികരെയും സന്യസ്തരെയും ഞങ്ങൾക്ക് പ്രദാനം ചെയ്യുന്നതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുക യാണ് ചെയ്തത് എന്ന വചനത്തിന്റെ അർത്ഥം മനസ്സിലാക്കി അങ്ങ യുടെ വിളിയ്ക്ക് പ്രത്യുത്തരം നൽകുവാൻ യോഗ്യരായ എല്ലാ യുവ തിയുവാക്കളെയും അങ്ങ് പ്രാപ്തരാക്കണമെ. തങ്ങളുടെ മക്കളുടെ ദൈവവിളി തിരിച്ചറിഞ്ഞ് അവരെ പ്രോൽസാഹിപ്പിക്കുവാൻ എല്ലാ മാതാപിതാക്കളെയും അങ്ങ് പ്രചോദിപ്പിക്കണമെ. അങ്ങ് തിരുമന സ്സാകുന്നുവെങ്കിൽ ഞങ്ങളുടെ കുടുംബത്തിൽനിന്നും വൈദിക, സമർപ്പിത ശുശ്രുഷകൾക്കായി യോഗ്യരായ മക്കളെ തെരഞ്ഞെടുക്ക ണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവവിളി സ്വീകരിച്ച് അങ്ങേ യ്ക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന എല്ലാ വൈദികരെയും സന്യ സ്തരെയും അങ്ങ് കാത്തു പരിപാലിക്കണമെ. അവസാനം ഞങ്ങൾ എല്ലാവരും അങ്ങയുടെ സ്വർഗ്ഗീയ മഹത്വത്തിൽ പങ്കുചേരാൻ ഇട യാക്കുകയും ചെയ്യണമെ, ആമ്മേൻ.

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനവും, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്ത

നങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. മലങ്കര കത്തോലിക്കാ സഭ ദൈവവിളിയാൽ സമ്പന്നമാകുവാൻ സജീവ നേതൃത്വം നൽകുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായെയും അതിനായി സർവാത്മനാ പ്രവർത്തിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ- സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും പെന്തിക്കോസ്തി തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**+ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലിത്താ**

ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള

സുന്നഹദോസ് കമ്മീഷൻ,

പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാൻ.

25.04.2024

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം.

# THE SYRO-MALANKARA CATHOLIC CHURCH

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

Catholicate Centre
Pattom, Trivandrum-695004

Prot. No. CCL 02/2024 — 20-02-2024

## സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ പ്രസ്ഥാനമായ മലങ്കര കത്തോലിക്കാ സഭാ പുനരൈക്യത്തിന്റെ ശതാബ്ദി 2030 സെപ്തംബർ 20-ന് സഭയായി ആഘോഷിക്കുന്നതിന് നാം ഒരുങ്ങുന്ന കാലഘട്ടമാണിത്. "പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ. 17:22) എന്ന യേശു കർത്താവിന്റെ മരണത്തിനുമുമ്പുള്ള മഹാപുരോഹിത പ്രാർത്ഥനയിലൂടെ യേശു ലക്ഷ്യം വച്ചത് തന്റെ ശരീരമാകുന്ന സഭയുടെ ഐക്യമാണ്. സഭ യേശുക്രിസ്തുവിന്റെ ശരീരമാണ് (എഫേ 1:23). യേശു ശിരസും എല്ലാ വിശ്വാസികളും അവന്റെ ശരീരത്തിന്റെ ഭാഗവുമാണ് (1 കോറി 6:15) എന്ന പ്രതീകത്തിലൂടെ ശിരസിനെയും ശരീരത്തെയും വേർപെടുത്താനാവില്ലാ എന്ന സത്യം നാം തിരിച്ചറിയുന്നു. അതിനാൽ ശിരസും ശരീരവും ഒന്നായിരിക്കുന്നതുപോലെ വിശ്വാസ സമൂഹം മുഴുവൻ യേശുവിനോട് ഐക്യപ്പെട്ട് യോജിച്ചിരിക്കേണ്ടതാണ്.

ചരിത്രപരവും ദൈവശാസ്ത്രപരവുമായ പല കാരണങ്ങളാൽ ഈ ഐക്യത്തിന് ക്ഷതം സംഭവിച്ചു. യേശുവിന്റെ ശരീരമായ സഭാഗാത്രത്തിൽനിന്നും പല കാലഘട്ടങ്ങളിലായി പല ഭാഗങ്ങളും മുറിച്ചു

മാറ്റപ്പെട്ടു. 1653-ൽ നടന്ന കൂനൻകുരിശ് സത്യത്തിനുശേഷം പുത്തൻകൂർ, പഴയകൂർ എന്ന പേരിൽ വിഭജിതമായ മാർത്തോമ്മാ ശ്ലീഹായുടെ സഭയിലെ മുറിവുണക്കുന്നതിനും സഭകൾ തമ്മിലുള്ള ഐക്യം പുനഃസ്ഥാപിക്കുന്നതിനും 20-ാം നൂറ്റാണ്ടിൽ ദൈവം തെരഞ്ഞെടുത്ത മലങ്കരയുടെ പ്രവാചകനാണ് ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്താ. അദ്ദേഹം ആരംഭിച്ച ബഥനി സന്യാസ പ്രസ്ഥാനങ്ങളിലൂടെയും സ്ഫുടം ചെയ്ത ആദ്ധ്യാത്മികതയിലൂടെയും എല്ലാം ഉപേക്ഷിക്കാനും മലങ്കര സഭയിലെ ഐക്യം വീണ്ടെടുക്കുവാനും 1930 സെപ്തംബർ 20-ന് അദ്ദേഹത്തിന് സാധിച്ചു. മലങ്കരസഭാ പുനരൈക്യത്തിന്റെ ശതാബ്ദി ആഘോഷിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളായ നാം ഈ 7 വർഷക്കാലം പ്രത്യേകം ഒരുങ്ങുകയാണ്.

**2. പുനരൈക്യ ശതാബ്ദി കർമപദ്ധതി (2024 സെപ്തംബർ 20 - 2030 സെപ്തംബർ 20)**

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദി ആഘോഷത്തിന്റെ അടുത്ത ഒരുക്കത്തിലേക്കു കടക്കുകയാണല്ലോ. സഭയുടെ അടിസ്ഥാനദൗത്യത്തോട് ചേർന്നുപോകുന്ന ആഘോഷ പരിപാടികളാണ് നാം ആസൂത്രണം ചെയ്യുന്നത്. ശതാബ്ദി ആഘോഷങ്ങൾ പുനരൈക്യ സഭയെ കൂടുതൽ ബലപ്പെടുത്തുന്നവയും, സഭയുടെ ഐക്യത്തെ ഉത്തരോത്തരം പോഷിപ്പിക്കുന്നവയും, സഭാമക്കൾ ഓരോരുത്തരുടെയും ജീവിതപരിവർത്തനവും ദൗത്യനിർവഹണവും സുഗമമാക്കുന്നവയും, സഭയുടെ സർവതോന്മുഖമായ ക്ഷേമം ഉറപ്പാക്കുന്നവയുമായിരിക്കണം എന്ന ആഗ്രഹത്തോടെയാണ് കർമപദ്ധതികൾ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. സ്വയം നവീകരിക്കപ്പെട്ടവളായി, പൊതു സമൂഹത്തിൽ സാക്ഷ്യം നൽകുന്ന സഭയായി രൂപാന്തരപ്പെടുക എന്നതാണ് പ്രധാന ലക്ഷ്യം. കൂടുതൽ ഉണർവോടെ സുവിശേഷം പ്രഘോഷിക്കാനും ആഘോഷിക്കാനും ജീവിക്കാനും, നമ്മുടെ കുടുംബങ്ങളെ നവീകരിക്കാനും, ദൈവവിളിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സഭയുടെ പ്രേഷിത ശുശ്രൂഷയെ ബലപ്പെടുത്താനും, കുട്ടി

കളേയും യുവജനങ്ങളെയും സഭാത്മകമായി വളർത്താനും കൂടുതൽ ആർജവത്തോടെ സഹോദരീസഭകളുമായും പൊതുസമൂഹവുമായും സംവദിക്കാനും സഭയായി സന്നദ്ധരാകുക എന്ന ലക്ഷ്യത്തോടെയാണ് നാം പുനരൈക്യ ശതാബ്ദി ആഘോഷങ്ങൾക്കു രൂപം നൽകിയിരിക്കുന്നത്.

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16:15) എന്ന യേശുവിന്റെ പ്രേഷിത ആഹ്വാനത്തെ (missionary mandate) അടിസ്ഥാനപ്പെടുത്തിയാണ് സഭയുടെ എല്ലാ ശുശ്രൂഷകളെയും സഭ മനസിലാക്കുകയും ക്രമീകരിക്കുകയും ചെയ്യുക. അടിസ്ഥാനപരമായി സുവിശേഷ പ്രഘോഷണം എന്ന ദൗത്യമാണ് സഭയ്ക്കുള്ളത്. സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യത്തിന് സുവിശേഷം പഠിപ്പിക്കുക (teach), സുവിശേഷം ആഘോഷിക്കുക (celebrate), സുവിശേഷം ജീവിക്കുക (live) എന്നീ ത്രിവിധ ദൗത്യങ്ങളാണുള്ളത്. സുവിശേഷം പഠിപ്പിക്കുക എന്നതിൽ നിന്നും വി. ലിഖിത പഠനവും, സുവിശേഷം ആഘോഷിക്കുക എന്നതിൽ നിന്നും ആരാധനാക്രമം അഥവാ കൂദാശാപഠനവും, സുവിശേഷം ജീവിക്കുക എന്നതിൽ നിന്നും സാക്ഷ്യത്തിലൂടെ (ഉപവിയിലൂടെ) ഉളവാകുന്ന ശുശ്രൂഷകളെയും സഭ അർഥമാക്കുന്നു. ഈ ത്രിവിധ ദൗത്യങ്ങൾ യേശുവിന്റെ മിശിഹായ്ക്കടുത്ത പ്രവാചക, പുരോഹിത, രാജകീയ ദൗത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ചിന്തയിൽ അധിഷ്ഠിതമായി അടുത്തുവരുന്ന വർഷങ്ങൾ പുനരൈക്യ ശതാബ്ദിക്കുള്ള ഒരുക്കമായി സഭ നിശ്ചയിച്ചിരിക്കുന്നു.

1. **വചന വർഷം (Year of the Word of God)** 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ - വി. ലിഖിതത്തിന്റെ വി. വായനയ്ക്കും (*Lectio Divina*) വി. ലിഖിതത്തിന്റെ പഠനത്തിനും പ്രാധാന്യം നൽകുന്നു.

2. **കൂദാശാ വർഷം** (Year of Sacraments) 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ - കൂദാശകൾക്കും ആരാധനാക്രമത്തിനും വിശ്വാസ പഠനത്തിനും പ്രാധാന്യം നൽകുന്നു.

3. **ഉപവി വർഷം** (Year of Charity) 2026 സെപ്തംബർ 20 മുതൽ 2027 സെപ്തംബർ 19 വരെ - യേശുവിന്റെ കാരുണ്യ സ്പർശനം എല്ലാവർക്കും ലഭിക്കുവാൻ ഇടയാവണം എന്നതിന് ഊന്നൽ നൽകുന്നു.

4. **കുടുംബ വർഷം** (Year of Family) 2027 സെപ്തംബർ 20 മുതൽ 2028 സെപ്തംബർ 19 വരെ - കുടുംബബന്ധങ്ങൾക്കും കുടുംബത്തിലെ ആധ്യാത്മികതയ്ക്കും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കും പ്രാധാന്യം നൽകുന്നു.

5. **പ്രേഷിത - ദൈവവിളി വർഷം** (Year of Mission) 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ - പൗരോഹിത്യ സന്യസ്ത ദൈവവിളികൾക്കും പ്രേഷിത ശുശ്രൂഷയ്ക്കും പ്രാധാന്യം നൽകുന്നു.

6. **ബാല-യുവജന സമർപ്പണ വർഷം** (Commitment Year of Children and Youth) 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ- ബാല-യുവജന സമർപ്പണ വർഷം എന്നതുകൊണ്ട് സഭയിൽ കുട്ടികൾ സഭാത്മകമായ ആഭിമുഖ്യമുള്ളവരായി വളരുന്നതിനും യുവജനങ്ങൾ സഭയിൽ നിലവിലുള്ളതും തുടരേണ്ടതുമായ ശുശ്രൂഷകൾക്ക് നേതൃത്വവും കൈത്താങ്ങും നൽകുന്നതിനും സമർപ്പണം വാഗ്ദാനം ചെയ്യുന്ന പദ്ധതികളാണ് ക്രമീകരിക്കുക.

7. **ശതാബ്ദി വർഷം** (Year of Centenary) – **കൃതജ്ഞതാ വർഷം** 2029 സെപ്തംബർ 20 മുതൽ 2030 സെപ്തംബർ 20 വരെ - പുനരൈക്യത്തെകുറിച്ചും പുനരൈക്യത്തിന് നേതൃത്വം കൊടുത്ത വ്യക്തികളെ കുറിച്ചും കൂടുതൽ പഠിക്കുന്നതിനും ബോധ്യം നൽകുന്നതിനും കൃതജ്ഞതാ വർഷമായി ആചരിക്കുന്നതിനുമുള്ള വർഷമാണിത്.

2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെയുള്ള **വചന വർഷത്തിന്റെ** പ്രത്യേക ചുമതല ബൈബിളിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷനായിരിക്കും. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലിത്തായെ ചെയർമാനായും അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലിത്താ, അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ എന്നിവരെ വൈസ് ചെയർമാന്മാരായും നിയമിച്ചിരിക്കുന്നു. ഏഴ് വർഷം നീണ്ടുനിൽക്കുന്ന പുനരൈക്യ ശതാബ്ദി കർമ്മപദ്ധതിയുടെ കോർഡിനേറ്ററായി കൂരിയാ ബിഷപ് അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പായെ നിയോഗിച്ചിരിക്കുന്നു. പുനരൈക്യ ശതാബ്ദിയുമായി ബന്ധപ്പെട്ട കർമപരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഒരു വൈദികന്റെ സേവനം സഭാകേന്ദ്രമായ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ ലഭ്യമാകുന്നതാണ്. 2024 സെപ്തംബർ 21-ന് പാറശാല ഭദ്രാസനത്തിൽ നടത്തപ്പെടുന്ന 94-ാം പുനരൈക്യ വാർഷികത്തിൽ വചനവർഷം ഉത്ഘാടനം ചെയ്യപ്പെടുന്നതാണ്.

**3. പുനരൈക്യ ആഘോഷ വേദികൾ**

അടുത്തുവരുന്ന പുനരൈക്യ ആഘോഷ വേദികൾ താഴെപറയുന്ന ഭദ്രാസനങ്ങളിലായിരിക്കും.

2024 - പാറശാല ഭദ്രാസനം

2025 - പത്തനംതിട്ട ഭദ്രാസനം

2026 - സെന്റ് എഫ്രേം ഖട്കി-പൂനെ ഭദ്രാസനം

2027 - ബത്തേരി ഭദ്രാസനം

2028 - മാവേലിക്കര ഭദ്രാസനം

2029 - തിരുവല്ല അതിഭദ്രാസനം - ശതാബ്ദി ഉദ്ഘാടനം

2030 - തിരുവനന്തപുരം മേജർ അതിഭദ്രാസനം - ശതാബ്ദി സമാപനം.

**4. മലങ്കര സുറിയാനി കത്തോലിക്കാ പാസ്റ്ററൽ കൗൺസിൽ**

മലങ്കര സുറിയാനി കത്തോലിക്കാ സഭാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതിന് സഭയുടെ 28-ാമത് പരി. എപ്പിസ്കോപ്പൽ സുന്ന

ഹദോസ് തീരുമാനിച്ചു. ഈ കൗൺസിൽ നമ്മുടെ സഭയിൽ ആദ്യ മായിട്ടാണ് രൂപീകരിക്കുന്നത്. ഭദ്രാസന പാസ്റ്ററൽ കൗൺസിലിന്റെ രൂപത്തിൽ നമ്മുടെ സഭയുടെ മുഴുവൻ പ്രാതിനിധ്യ സ്വഭാവത്തോടു കൂടി രൂപീകരിക്കുന്ന ഈ കൗൺസിലിൽ മെത്രാന്മാരും വൈദിക രും സന്യസ്തരും അല്മായരും ഉൾപ്പെടുന്നു. ഇതിന്റെ ആദ്യ മീറ്റിംഗ് സെപ്തംബർ 20-ന് തിരുവനന്തപുരത്ത് നടത്തപ്പെടുന്നതാണ്. തുടർനടപടികൾ വരും ദിവസങ്ങളിൽ അറിയിക്കുന്നതാണ്.

**5. 94-ാം പുനരൈക്യം വാർഷികം പാറശാലയിൽ**

2024 സെപ്തംബർ 20-21 തീയതികളിൽ 94-ാം പുനരൈക്യ വാർഷികം പാറശാല ഭദ്രാസനത്തിൽ വെങ്ങാനൂർ വി.പി.എസ് മലങ്കര കാത്തലിക് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ നടത്തപ്പെ ടുന്നതാണ്. സെപ്തംബർ 20-ന് വൈകിട്ട് സുവിശേഷ സന്ധ്യയും 21-ന് രാവിലെ 8.00 മുതൽ 10.30 വരെ എം.സി.സി.എൽ., എം.സി.വൈ. എം., എം.സി.എ. എന്നീ സംഘടനകളുടെ സമ്മേളനവും 10.30 മുതൽ വി. കുർബാനയും പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്. ഉച്ചയ്ക്ക് 1.30ന് സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷങ്ങൾ സമാപിക്കുന്നതാണ്.

**6. മലങ്കര സുറിയാനി കത്തോലിക്കാ യുവജന മതബോധന ഗ്രന്ഥം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജനങ്ങൾക്ക് ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്നതിനുള്ള മതബോധന ഗ്രന്ഥം 2025 മെയ് മാസത്തിൽ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച് ജൂണിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഓർഡിനറി ട്രൈബ്യൂണൽ പ്രസിഡന്റായി റവ. ഡോ. ജോർജ് തോമസ് കൊച്ചു വിളയിലിനെ നിയമിച്ചു. നമ്മുടെ സഭയിലെ മൈനർ സെമിനാരി പരിശീ ലനത്തിന്റെ നാലാം വർഷം 2024 ജൂൺ മുതൽ പാറശാല ഭദ്രാസ നത്തിലെ കാട്ടാക്കട ബേത്‌ലഹേം ഹോമിൽവെച്ച് നടത്തപ്പെടുന്ന തായിരിക്കും. റവ. ഫാ. റോയി വയലിറക്കത്ത് ഡയറക്ടറായി നിയ

മിതനായി.

പുനരൈക്യ ശതാബ്ദി ഒരുക്കങ്ങൾ ആത്മീയ സാക്ഷ്യത്തിനു ഉപകരിക്കുവാൻ സഭാംഗങ്ങൾ ഏവരും തീക്ഷ്ണമായി പ്രാർത്ഥിക്കുകയും എല്ലാറ്റിലും പൂർണമായി സഹകരിക്കുകയും വേണമെന്നത് ഓർക്കുമല്ലോ. സുവിശേഷ സംഘാംഗങ്ങൾ ഏവരും ആഴ്ചയിൽ രണ്ടു പ്രാവശ്യം ഈ നിയോഗത്തിൽ ഉപവസിച്ച് പ്രാർത്ഥിക്കേണ്ടതാണ്. ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ എന്നും ധാരാളമായി ഉണ്ടായിരിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

N.B.: ഈ സർക്കുലർ അടുത്തുവരുന്ന ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# അമലഗിരി വാർത്തകൾ

**മാസധ്യാനം**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനം 2024 ജൂലൈ 02 ചൊവ്വാഴ്ച രാവിലെ 09.30-ന് ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ മാതൃദൈവാലയമായ പുതിയകാവ് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഫാ. ഡോ. ജോളി കരിമ്പിൽ ധ്യാനത്തിന് നേതൃത്വം നൽകുന്നു.

**ഓർമ്മതിരുനാൾ**

ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 71-ാംമത് ഓർമ്മതിരുനാൾ മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മാതൃദൈവാലയമായ പുതിയകാവ് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ 2024 ജൂലൈ 01 മുതൽ 09 വരെ ക്രമീകരിച്ചിരിക്കുന്നു.

ഓരോ ദിവസവും വൈകിട്ട് 05-ന് ആരംഭിക്കുന്ന തിരുനാൾ കാര്യപരിപാടിയിൽ വിശുദ്ധ കുർബാന, അനുസ്മരണ പ്രഭാഷണം, സ്മൃതി മന്ദിരത്തിൽ ധൂപ പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും. ഭദ്രാസനത്തിലെ വിവിധ വൈദികജില്ലകൾ, കാര്യാലയങ്ങൾ, വൈദിക സന്യസ്ത, അൽമയ പ്രതിനിധികൾ എന്നിവർ വിവിധ ദിവസങ്ങളിലെ പരിപാടികളിൽ സംബന്ധിക്കുന്നു. 2024 ജൂലൈ 01-ന് വൈകിട്ട് 05-ന് വിശുദ്ധ കുർബാനയ്ക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകുന്നു. 2024 ജൂലൈ 09-ന് രാവിലെ 06.30-ന് വിശുദ്ധ കുർബാന അർപ്പിച്ച് അഭിവന്ദ്യ പിതാവ് തീർത്ഥാടന പദയാത്ര ഉദ്ഘാടനം ചെയ്യും.

## വാർഷിക തെരട്ട് നല്കിയ ഇടവകകൾ

| | | | |
|---|---|---|---|
| 1. | Pallipad | 2. | Ambalathumkala |
| 3. | Ambalappuram | 4. | Elanjimel |
| 5. | Kadappakkada | 6. | Thuvayoor East |
| 7. | Puthoor | 8. | Poovathoor |
| 9. | Thottapally | 10. | Karimulackal |
| 11. | Mynagapally | 12. | Neeleswaram |
| 13. | Kummalloor | 14. | Edappon |
| 15. | Vazhuthanam | 16. | Sooranadu North |
| 17. | Puthiyakavu | 18. | Kallumala |
| 19. | Ala | 20. | Punnamoodu Cathedral |
| 21. | Muttom | 22. | Kayamkulam |
| 23. | Nooranadu | 24. | Cheriyanadu |
| 25. | Cheppad | 26. | Cheruthana |
| 27. | Puliyoor | 28. | Poruvazhy |
| 29. | Pazhakulam | 30. | Eramathoor |
| 31. | Vettiyar | 32. | Mudiyoorkonam |
| 33. | Koduvila | 34. | Kadampanad |
| 35. | Kalluvathukkal | 36. | Pavithreswaram |
| 37. | Kaithakode | 38. | Aduthala |
| 39. | Peringala | 40. | Venmony |
| 41. | Karichal | 42. | Haripad |
| 43. | Nediyavila | 44. | Alumukku |
| 45. | Pandanadu | 46. | Karthikapally |
| 47. | Kodukulanji | 48. | Komalloor |

# മാർ ഈവാനിയോസ് മൈനർ സെമിനാരി

**യാത്രയയപ്പും, സ്വീകരണവും**

കഴിഞ്ഞ അധ്യയനവർഷം വൈദികവിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയ റെക്ടർ ബഹു. തോമസ് പാലവിള അച്ചനും വൈസ് റെക്ടർ ബഹു. ക്രിസ്റ്റി ചരുവിള അച്ചനും സെമിനാരി കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. തുടർന്നുള്ള പൗരോഹിത്യ ശുശ്രൂഷയിൽ എല്ലാവിധ മംഗളങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ പുതുതായി നിയമിതനായ റെക്ടർ ബഹു. വർഗീസ് കൊച്ചുകളിക്കൽ അച്ചനും വൈസ് റെക്ടർ ബഹു. ജോഷ്വാ തെക്കേടത്ത് അച്ചനും സെമിനാരി കുടുംബത്തിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**ദൈവവിളി വാരാഘോഷം**

ഈ വർഷത്തെ ദൈവവിളി ദിനം മെയ് 26-ാം തീയതി ആഘോഷിച്ചു. ഈ വർഷത്തെ ദൈവവിളി വാരാഘോഷം മാർ ഈവാനിയോസ് മൈനർ സെമിനാരിയുടെ നേതൃത്വത്തിൽ അമ്പലത്തുംകാല ദൈവാലയത്തിൽ 2024 മെയ് 5 ഞായറാഴ്ച വി. കുർബാനയോടെ ആരംഭിച്ചു. അതൊടോപ്പം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വൈദിക വിദ്യാർത്ഥികൾ ഇടവകയിൽ ഭവന സന്ദർശനം നടത്തി. തുടർന്ന് ദൈവാലയത്തിൽ ആരാധനയോടെ വാരാഘോഷം സമാപിച്ചു.

**ദൈവവിളി ക്യാമ്പും ധ്യാനവും**

8,9,10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി ദൈവവിളി ക്യാമ്പും ധ്യാനവും 2024 മെയ് 12 ഞായർ വൈകിട്ട് 4 മണി മുതൽ മെയ് 17 വെള്ളി ഉച്ചവരെ മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ നടത്തപ്പെട്ടു. 42 കുട്ടികൾ ഇതിൽ പങ്കെടുത്തു. 2024-25 അധ്യയന വർഷത്തിൽ സെമിനാരിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി അഭിവന്ദ്യ പിതാവുമായുള്ള ഇന്റർവ്യൂ മെയ് 19 വെള്ളിയാഴ്ച മൈനർ സെമിനാരിയിൽ വച്ച് നടത്തുകയുണ്ടായി.

**മേജർ സെമിനാരി മീറ്റ്**

മാവേലിക്കര ഭദ്രാസനത്തിലെ മേജർ സെമിനാരി വിദ്യാർത്ഥികൾ മെയ് 3 മുതൽ 5 വരെ തീയതികളിൽ അമ്പലത്തുംകാല ഇടവകയിൽ ഒന്നിച്ചു കൂടി. തത്വശാസ്ത്ര, ദൈവശാസ്ത്ര വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു. തുടർന്ന് എം.ബി.ഓ.സി ഇവാലുവേഷനും, പിക്നിക്കും മത്സരങ്ങളും നടത്തപ്പെട്ടു.

**മ്ശംശോനോ പട്ടവും ചെറുപട്ടങ്ങളും**

മാവേലിക്കര ഭദ്രാസനത്തിനുവേണ്ടി അഭിവന്ദ്യ പിതാവിൽ നിന്നും ബ്രദർ തുണ്ടിൽ ജെറിൻ, ബ്രദർ ആന്റണി കുറ്റിക്കാട്ടിൽ, ബ്രദർ സഖറിയ പുത്തൻപുരയ്ക്കൽ എന്നിവർ മ്ശംശോനോ പട്ടവും, ബ്രദർ സാമുവേൽ വെട്ടുക്കുഴിയിൽ, ബ്രദർ ഡാനിയേൽ കോട്ടൂർത്തറയിൽ, ബ്രദർ സെബാസ്റ്റ്യൻ പൂച്ചെടിവിളയിൽ എന്നിവർ ഹെവ്പ്പദ്യാക്കോനോ പട്ടവും, ബ്രദർ തോമസ് ശാന്തിനിവാസ് സഭാവസ്ത്രവും മ്സമറോനോ പട്ടവും 2024 മെയ് 25 ശനിയാഴ്ച രാവിലെ 7 മണിക്ക് കല്ലുമല മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് വി. കുർബാന മദ്ധ്യേ സ്വീകരിച്ചു.

# പ്രബോധന

**പ്രവേശനോത്സവം 2024**

2024 ജൂൺ 1-ന് കറ്റാനം പോപ്പ് പയസ് ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് നടത്തിയ അദ്ധ്യാപക സംഗമത്തിൽ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു.

2024 ജൂൺ 02-ന് അതാത് ഇടവകകളിൽ വികാരി അച്ചന്മാർ ഉദ്ഘാടനം ചെയ്ത് സൺഡേസ്ക്കൂൾ പ്രവേശനോത്സവം ആഘോഷിക്കുമല്ലോ. പുതിയ കുട്ടികളെ മതബോധന ക്ലാസുകളിലേക്ക് പൂക്കളും മധുരപലഹാരങ്ങളും നല്കി സ്വീകരിക്കുക.

**അദ്ധ്യാപക സംഗമം 2024**

2024 ജൂൺ 01 ശനിയാഴ്ച കറ്റാനം പോപ്പ് പയസ് ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് നടത്തപ്പെട്ട അദ്ധ്യാപക സംഗമം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത അദ്ധ്യാപകർക്ക് പ്രബോധന ഡയറക്ടർ ബഹു. മാത്യു വലിയപറമ്പിൽ അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് മോൺ. വന്ദ്യ ഡോ. സ്റ്റീഫൻ കുളത്തുംകരോട്ട് മാവേലിക്കര ഭദ്രാസന വിശ്വാസ പരിശീലനത്തെ കുറിച്ച് ക്ലാസ് നയിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ സൺഡേസ്ക്കൂൾ ഡയറക്ടർ ഫാ. റോബിൻ മനക്കലേത്ത് മത അദ്ധ്യാപകരുടെ സാന്നിധ്യം ആധുനിക രംഗത്ത് എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ഓരോ ക്ലാസിലെയും അദ്ധ്യാപകർക്ക് പ്രത്യേകം ക്ലാസുകൾ ക്രമീകരിച്ചു. നേഴ്സറി മുതൽ ഒന്നാം ക്ലാസ് വരെ ഫാ. ഡാനിയേൽ പുത്തൻപുരയിൽ, രണ്ടാം ക്ലാസു മുതൽ നാലാം ക്ലാസുവരെ ഫാ. ജോൺ കടുവിങ്കൽ, അഞ്ചാം ക്ലാസ് ഫാ.

ജോൺ അയണുവേലിൽ, ആറാം ക്ലാസ് ഫാ. തോമസ് പാലവിള, ഏഴാം ക്ലാസ് ഫാ. സനു തെക്കേക്കാവിനാൽ, എട്ടാം ക്ലാസ് ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ, ഒമ്പതാം ക്ലാസ് ഫാ. വർഗീസ് കൊച്ചുകളീക്കൽ, പത്താം ക്ലാസ് ഫാ. ഫിലിപ്പ് ചെമ്പകശേരിൽ, പതിനൊന്നാം ക്ലാസ് ഫാ. ജെയിൻ തെങ്ങുവിളയിൽ, പന്ത്രണ്ടാം ക്ലാസ് ശ്രീ. രാജു പി. വർഗീസ്, എന്നിവർ നയിച്ചു. തുടർന്ന് അദ്ധ്യാപക സെക്രട്ടറി ശ്രീ. രാജു പി. വർഗീസ് വിശ്വാസ പരിശീലനത്തിന്റെ 2024-25 വർഷത്തെ പൊതു നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. തുടർന്ന് ടോക്ക് & ആരാധന ഫാ. ജീസൺ പോൾ വേങ്ങാശേരിൽ നയിച്ചു. നാലു വർഷമായി പ്രബോധനയുടെ ഡയറക്ടർ ആയി സേവനം ചെയ്ത ബഹു. വർഗീസ് കൊച്ചുകളീയ്ക്കൽ അച്ചന് അഭിവന്ദ്യ പിതാവ് മെമ്മന്റോ നല്കി ആദരിച്ചു. പങ്കെടുത്ത എല്ലാ അദ്ധ്യാപകർക്കും മൈനർ സെമിനാരി വൈസ് റെക്ടർ ഫാ. ജോഷ്വാ തെക്കേടത്ത് സർട്ടിഫിക്കേറ്റ് നല്കി. ശ്രീ. രാജു പി. വർഗീസിന്റെ കൃതജ്ഞതയോടെ സംഗമം സമാപിച്ചു. സംഗമത്തിൽ 600 അദ്ധ്യാപകർ പങ്കെടുത്തു.

**അഭിനന്ദനങ്ങൾ**

പ്രബോധനയുടെ ഡയറക്ടർ ആയി നിയമിതനായ ബഹു. മാത്യൂ വലിയപറമ്പിൽ അച്ചന് പ്രബോധന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ, പ്രാർത്ഥനാശംസകൾ.

**കൃതജ്ഞത**

പ്രബോധനയുടെ ഡയറക്ടറായി സേവനം ചെയ്ത ബഹു. വർഗീസ് കൊച്ചുകളിയ്ക്കൽ അച്ചന് പ്രബോധന കുടുംബത്തിന്റെ കൃതജ്ഞതയും പ്രാർത്ഥനാശംസകളും നേരുന്നു.

**വാർഷിക മത്സര പരീക്ഷകൾ**

2023-24 വർഷത്തെ വത്സര വാർഷിക പരീക്ഷകൾ ഏപ്രിൽ 21-ന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടന്നു. നന്നായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് സഹകരിച്ച എല്ലാവർക്കും നന്ദി.

**മതബോധന പുസ്തക വിതരണം 2024**

2024-25 വർഷത്തെ പുസ്തക വിതരണം പ്രബോധനയുടെ അദ്ധ്യാപക സംഗമത്തിൽ വച്ച് നൽകുകയുണ്ടായി.

ഈ വർഷത്തെ ലോഗോസ് ക്വിസ് 2024 (Rs.100/-), വിശുദ്ധ ബേസിലിന്റെ പുസ്തകം (Rs. 50/), ഡിഗ്രി പുസ്തകം, 5,6,7 ക്ലാസുകളിലെ പഠനസഹായി, ആദ്യകുർബാന പുസ്തകം (Rs. 50/-), ആത്മഗീതം പാട്ടുപുസ്തകം (Rs. 150/-) എന്നിവ പ്രബോധന കാര്യാലയത്തിൽ ലഭ്യമാണ്.

## ബൈബിൾ രചനോത്സവം 2023-2024

**നഴ്സറി കളറിംഗ്**

| | | | |
|---|---|---|---|
| 1st | Pravda Manu | Maranad | Puthoor |
| 2nd | Alone Mahesh | Maruthamonppally | Kollam |
| 3rd | Evelin Ann Dileep | Kayamkulam | Kattanam |

**ബൈബിൾ പദപരിചയം**

| | | | |
|---|---|---|---|
| 1st | Aleena Abraham | Pavumba | Kattanam |
| 1st | Andriya K. Vinu | Puthoor | Puthoor |
| 2nd | Evaniya Mariam Varghese | Poriyacode | Kollam |
| 3rd | Angel Mariam Babu | Alummukku | Kadampanad |

**സബ് ജൂനിയേഴ്സ് കളറിംഗ്**

| | | | |
|---|---|---|---|
| 1st | Danish Mariya Deric | Kadampanad | Kadampanad |
| 2nd | | | Mavelikara |
| 3rd | Maria Rose Varghese | Komalloor | Kattanam |

**സബ് ജൂനിയേഴ്സ് ബൈബിൾ പദപരിചയം**

| | | | |
|---|---|---|---|
| 1st | Hanna Saji | Chowalloor | Kollam |

| | | | |
|---|---|---|---|
| 2nd | Abel Roy George | Pallikavila | Puthoor |
| 3rd | Rose Ann Shijo | Poozhikad | Kattanam |

**ജൂനിയേഴ്സ് ചിത്രരചന**

| | | | |
|---|---|---|---|
| 1st | Abel A. Rajan | Chenkulam | Kollam |
| 2nd | Edwin Rajan | Kurampala South | Kattanam |
| 3rd | Angel Jose | Chennithala | Chengannoor |

**ജൂനിയേഴ്സ് ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| 1st | Albin Shibu | Kaithacode | Puthoor |
| 2nd | Albert S. Raj | Karimthottuva | Kadampanad |
| 2nd | Anugraha Ann Robin | Venmoney | Chengannoor |
| 3rd | | | Mavelikara |

**ജൂനിയേഴ്സ് വേദവാക്യ രചന ആൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Jiyo Mathew James | Sooranad North | Kadampanad |
| 2nd | Albin Shibu | Kaithacode | Puthoor |
| 3rd | Juvan P. Jain | Maruthamonppally | Kollam |

**ജൂനിയേഴ്സ് വേദവാക്യ രചന പെൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Sona A. Suji | Peringanad | Kadampanad |
| 2nd | Joselin Mariya Joy | Maruthamonppally | Kollam |
| 3rd | Ayana Any | Pallikavila | Puthoor |

**ഇന്റർ മീഡിയറ്റ് ചിത്രരചന**

| | | | |
|---|---|---|---|
| 1st | | | Mavelikara |
| 2nd | Alens Mariyam Alex | Mukhathala | Kollam |
| 3rd | Angel Maria Sajeev | Amplalappuram | Puthoor |

**ഇന്റർ മീഡിയറ്റ് ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| 1st | Ardhra Mary Binu | Poruvazhy | Kadampanad |
| 2nd | Jipsa S. | Chenkulam | Kollam |
| 3rd | Irin Robin | Neeleswaram | Puthoor |

**ഇന്റർ മീഡിയറ്റ് വേദവാക്യ രചന ആൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Johan P. Jaison | Maruthamon Pally | Kollam |
| 2nd | Aron Johnson | Puthoor | Puthoor |
| 3rd | | | Mavelikara |

**ഇന്റർ മീഡിയറ്റ് വേദവാക്യ രചന പെൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Josy Varghese | Mukhathala | Kollam |
| 2nd | Feba Jiji | Kattanam | Kattanam |
| 3rd | Jeny Sara Prince | Eramathoor | Chengannoor |

**ഇന്റർ മീഡിയറ്റ് ഉപന്യാസ രചന**

| | | | |
|---|---|---|---|
| 1st | Aleena Sajeev | Pallimon | Kollam |
| 2nd | Sneha Saji | Thevalappuram | Puthoor |
| 3rd | Ardhra Mary Binu | Poruvazhi | Kadampanad |

**ഇന്റർ മീഡിയറ്റ് ചെറുകഥാ രചന**

| | | | |
|---|---|---|---|
| 1st | Liya Santhosh | Poriyacode | Kollam |
| 2nd | Irin Robin | Neeleswaram | Puthoor |
| 3rd | Amera Kunjumon | Peringanad | Kadampanad |

**ഇന്റർ മീഡിയറ്റ് കവിതാരചന**

| | | | |
|---|---|---|---|
| 1st | Diya Mathew | Poriyacode | Kollam |
| 2nd | Sneha Saji | Thevalappuram | Puthoor |
| 3rd | Merin Mary Jose | Poruvazhy | Kadampanad |

**സീനിയേഴ്സ് ചിത്രരചന**

| | | | |
|---|---|---|---|
| 1st | Suhani Suresh | Venmoney | Chenganoor |
| 2nd | Juby L. Binu | Sooranad North | Kadampanad |
| 3rd | Sandriya Joy | Ampalathukala | Puthoor |
| 3rd | Neel Rishi | Kalluvathuckal | Kollam |

**സീനിയേഴ്സ് ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| 1st | Jiya Thankam Sunu | Kottara | Kollam |
| 2nd | Kripa Johnson | Kadampanad | Kadampanad |
| 3rd | Aneetta Anna James | Thevalappuram | Puthoor |

**സീനിയേഴ്സ് വേദവാക്യ രചന ആൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Melvin Binosh | Amplalppuram | Puthoor |
| 2nd | | | Mavelikara |
| 3rd | Joby B. Thankachan | Sooranad North | Kadampanad |

**സീനിയേഴ്സ് വേദവാക്യ രചന പെൺകുട്ടികൾ**

| | | | |
|---|---|---|---|
| 1st | Neha S. John | Mukhathala | Kollam |
| 2nd | Sera Elsa Jose | Kattanam | Kattanam |
| 3rd | Tincy Thomas | Sooranad North | Kadampanad |

**സീനിയേഴ്സ് ഉപന്യാസരചന**

| | | | |
|---|---|---|---|
| 1st | Jisa George | Chennithala | Chengannoor |
| 2nd | Merlin J. Anil | Nallila | Kollam |
| 3rd | Aleena Aju | Poruvazhi | Kadampanad |

**സീനിയേഴ്സ് ചെറുകഥാ രചന**

| | | | |
|---|---|---|---|
| 1st | Kripa Johnson | Kadampanad | Kadampanad |
| 2nd | Aleena K. Biju | Poyappally | Kollam |
| 3rd | | | Mavelikara |

**സീനിയേഴ്സ് കവിതാരചന**

| | | | |
|---|---|---|---|
| 1st | Jisa George | Chennithala | Chengannoor |
| 2nd | Alan Johnson | Kattanam | Kattanam |
| 3rd | Kesiya Baiju | Ampalappuram | Puthoor |

**ഗുരു ഉപന്യാസ രചന**

| | | | |
|---|---|---|---|
| 1st | Sujitha M. | Kurampala | Kattanam |
| 2nd | Aswathy Liju | Nallila | Kollam |
| 3rd | Reena Aniju | Mannaroad | Kadampanad |

**ഗുരു ബൈബിൾ ക്വിസ്**

| | | | |
|---|---|---|---|
| 1st | Mariamma Sammuel | Kattanam | Kattanam |
| 2nd | Sofey Shaji | Chenkulam | Kollam |
| 3rd | Sheeja Johnson | Mannaroad | Kadampanad |

**ഗുരു കവിതാരചന**

| | | | |
|---|---|---|---|
| 1st | Jeena George | Kaithacode | Puthoor |
| 2nd | Reymole Raju | Cheriyanad | Chengannoor |
| 3rd | Sonia Liju | Poruvazhi | Kadampanad |

**ഗുരു വേദവാക്യരചന അദ്ധ്യാപിക**

| | | | |
|---|---|---|---|
| 1st | Juby Sebastian | Chennithala | Chengannoor |
| 2nd | Bency Jose | Kaithacode | Puthoor |
| 3rd | Julie Lijo | Poozhikkad | Kattanam |

# എം.സി.വൈ.എം

**പ്രാർത്ഥനാശംസകൾ**

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ഡയറക്ടറായി നിയമിതനായ ബഹു. ജോൺ അയണുവേലിൽ അച്ചന് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ പ്രാർത്ഥനാശംസകൾ.

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടറായി സ്തുത്യർഹമായ യുവജന ശുശ്രൂഷ നിർവഹിച്ച വർഗീസ് മുകളുംപുറത്ത് അച്ചന് ഭദ്രാസന സമിതിയുടെ കൃതജ്ഞത ഹൃദയപൂർവ്വം അറിയിക്കുന്നു.

**MPL നടത്തപ്പെട്ടു.**

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര പ്രീമിയർ ലീഗ് ഇവാനിയോസ് ക്ലർജി ഹോം ഡയറക്ടർ ഫാ. ഗീവർഗിസ് കോശി ചരുവിള ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. ഭദ്രാസനത്തിലെ 5 വൈദികജില്ലകളിൽ നിന്നും ടീമുകൾ പങ്കെടുത്ത ഈ ടൂർണ്ണമെന്റിൽ ഒന്നാം സ്ഥാനം കറ്റാനം വൈദികജില്ലയും രണ്ടാം സ്ഥാനം പുത്തൂർ വൈദികജില്ലയും കരസ്ഥമാക്കി. ഫാ. വർഗീസ് മുകളുംപുറത്ത്, ഫാ. മാത്യു വലിയപറമ്പിൽ, ഭദ്രാസന പ്രസിഡന്റ് റോഷൻ കല്ലുമല, ജനറൽ സെക്രട്ടറി

ജോബിൻ വള്ളികുന്നം, ട്രഷറർ ആൽവിൻ ഇമ്മനുവേൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**മാർഗ്ഗംകളി മത്സരം**

KCYM ഇരിങ്ങാലക്കുട രൂപതയുടെയും, സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട അഖില കേരള മാർഗ്ഗംകളി മത്സരത്തിൽ മാവേലിക്കര ഭദ്രാസനത്തിൽ നിന്ന് പങ്കെടുത്ത കുറത്തികാട്, തേവലപ്പുറം എന്നീ ഇടവകകളിലെ യുവതികൾക്ക് മാവേലിക്കര ഭദ്രാസന സമിതിയുടെ അഭിനന്ദനങ്ങൾ.

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി മാവേലിക്കര കമ്മീസിയത്തിന്റെ മെയ് മാസത്തിലെ മീറ്റിംഗ് 19. 05. 2024 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ചെങ്ങന്നൂർ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ചെങ്ങന്നൂർ, പുലിയൂർ, ഇലഞ്ഞിമേൽ  എന്നീ ഇടവകകളിൽ നിന്നുള്ള പ്രസീദിയം ഭാരവാഹികൾ പങ്കെടുത്തു.

# എം.സി.എ.

### അല്മായ ദിനാഘോഷം – ആദരവും യാത്രയയപ്പും

എം.സി.എ ഭദ്രാസനതല അല്മായ ദിനാഘോഷം 26 മെയ് 2024 -ന് ചാരുംമൂട് സെന്റ് മേരീസ് കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ജോർജ്ജുകുട്ടി പുത്തൂർ അധ്യക്ഷത വഹിച്ച യോഗത്തിൽ മാവേലിക്കര ഭദ്രാസന വികാരി ജനറൽ വന്ദ്യ മോൺ. ഡോ. സ്റ്റീഫൻ കുളത്തുംകരോട്ട് ഉദ്ഘാടനം ചെയ്തു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എസ്. രജനി മുഖ്യപ്രഭാഷണം നടത്തി. കറ്റാനം എം.സി.എ ജില്ലാ പ്രസിഡന്റ് ഡോ. ഷാജി. എം. സ്റ്റാൻലി കറ്റാനം വൈദികജില്ല ഉപദേഷ്ടാവ് ബഹു. തോമസ് ചെറുപുഷ്പ ഭവൻ അച്ചനെ ആദരിച്ചു. മാവേലിക്കര ഭദ്രാസന എം.സി.എ വൈദിക ഉപദേഷ്ടാവ് ബഹു. സിൽവെസ്റ്റർ തെക്കേടത്ത് അച്ചൻ ആമുഖ സന്ദേശം നൽകി. കറ്റാനം വൈദിക ജില്ലവികാരി വന്ദ്യ ജോർജ്ജ് ചരുവിള കോർ എപ്പിസ്ക്കോപ്പ അനുഗ്രഹ പ്രഭാഷണം നടത്തി. സഭാതല വൈദിക ഉപദേഷ്ടാവ് ഫാ. മാത്യുസ് കുഴിവിള, അഡ്വ. അനിൽ ബാബു, ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. സഞ്ജീവ് മാരൂർ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലിയോ തരകൻ, യൂണിറ്റ് സെക്രട്ടറി ശ്രീമതി ബീന അലക്സ്, ജില്ല സെക്രട്ടറി ശ്രീ. ജിജി യോഹന്നാൻ എന്നിവർ ആശംസകൾ അറിയിച്ചു. രൂപത ട്രഷറർ ശ്രീ. പി.ജെ ആന്റണി കൃതജ്ഞത അറിയിച്ചു. ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളിൽ നിന്ന് നൂറിൽ അധികം പ്രതിനിധികൾ പങ്കെടുത്തു.

**അല്മായ സംഗമം**

അല്മായ ദിനത്തോടനുബന്ധിച്ച് ഭദ്രാസനതല അല്മായ സംഗമം 26 മെയ് 2024 -ന് ചാരുംമൂട് സെന്റ് മേരീസ് കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മാവേലിക്കര ഭദ്രാസനത്തിലെ വികാരി ജനറൽ വന്ദ്യ മോൺ. ഡോ. സ്റ്റീഫൻ കുളത്തുംകരോട്ട് അല്മായ സംഗമത്തിന് നേതൃത്വം നൽകി. വന്ദ്യ ജോർജ്ജ് ചരുവിള കോർഎപ്പിസ്ക്കോപ്പ സന്നിഹിതനായിരുന്നു. 2024 കർമ്മപദ്ധതിയായി യൂണിറ്റ് തലം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു.

## ചേതന

**ലോക നഴ്സ്സ് ദിനം**

ലോക നഴ്സ്സ് ദിനത്തിന്റെ ഭാഗമായി ചേതന തുവയൂർ യൂണിറ്റിന്റെ സഹകരണത്തോടെ തുവയൂർ ഇൻഫെന്റ് ജീസസ് സ്ക്കൂളിൽ വച്ച് നഴ്സസിനെ ആദരിക്കുകയും കടമ്പനാട് റീജണൽ ഡയറക്ടർക്ക് യാത്രയയപ്പ് നൽകുകയും ചെയ്തു. കടമ്പനാട് റീജണൽ ഡയറക്ടർ ഫാദർ ജോർജ്ജ് കോട്ടപ്പുറം അധ്യക്ഷത വഹിച്ച യോഗത്തിൽ കമ്മ്യൂണിറ്റി ഓർഗനൈസർ ശ്രീമതി ചിന്നമ്മ സി.കെ സ്വാഗതം ആശംസിച്ചു. ചേതന ഡയറക്ടർ ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ ഉദ്ഘാടനം ചെയ്ത ഈ മീറ്റിംഗിൽ ഫാദർ ജോബിൻ പുളിവിളയിൽ, ഫാ. ഫിലിപ്പ് ജമ്മത്തുകളത്തിൽ എന്നിവർ നഴ്സസിനെ ആദരിച്ചു. റീജണൽ ആനിമേറ്റർ ശ്രീ. റെജി

രാജു ആശംസ അർപ്പിച്ചു. ഈ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ നഴ്സുമാർക്കും സംഘാംഗങ്ങൾക്കും തുവയൂർ യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സുജാ ഫിലിപ്പ് നന്ദി അർപ്പിച്ചു.

**സേഫ് ഗാർഡിങ് പോളിസി**

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ നേതൃത്വത്തിൽ സേഫ് ഗാർഡിങ് പോളിസിയുടെ ഒരു ട്രെയിനിങ് പ്രോഗ്രാം കോട്ടയം ആമോസ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഫാദർ ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്ത പ്രസ്തുത ട്രെയിനിങ്ങിൽ ചേതനയെ പ്രതിനിധീകരിച്ച് ചേതന ഡയറക്ടർ ഫ്രാൻസിസ് പ്ലാവറകുന്നിൽ, ഫാ. ഫിലിപ്പ് ജമ്മത്ത് കളത്തിൽ, ശ്രീമതി ലീന ചാക്കോ എന്നിവർ പങ്കെടുത്തു.

**പുത്തൂർ വൈദികജില്ല സംഘം രൂപീകരണവും KLM ക്ഷേമനിധിയും**

പുത്തൂർ കാരിവേലി ഇടവകയിൽ വച്ച് നടത്തപ്പട്ട മീറ്റിംഗിൽ പുത്തൂർ മേഖലയിൽ SHG യൂണിറ്റുകൾ തുടങ്ങുന്നതിനെക്കുറിച്ചും അസംഘടിത തൊഴിലാളി ക്ഷേമനിധിയെക്കുറിച്ചും ചേതന ഓഫീസ് പ്രതിനിധികളായ ആനിമേറ്റർ ശ്രീ. റെജി രാജു, പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി ഷൈനി ആൻഡ്രൂസ് എന്നിവർ സംസാരിച്ചു. പുത്തൂർ വൈദികജില്ലയിലെ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ പങ്കെടുത്ത ഈ മീറ്റിംഗ് ചേതന പുത്തൂർ റീജിയണൽ ഡയറക്ടർ ഫാ. ജോസഫ് തെക്കേവീട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. ഫാ. ജോൺ തോട്ടത്തിൽ, ഫാ. കരിമ്പാലിൽ വർഗീസ്, ഫാ. ഗീവർഗിസ് കൈതവന, സിസ്റ്റർ പ്രസന്ന SIC എന്നിവർ പങ്കെടുത്തു.

**സഫലം**

29 മെയ് 2024 ബുധനാഴ്ച ചേതനയുടെ ഓഫീസിൽ വച്ച് സഫലം കുട്ടികൾക്ക് ആന്റി ഡ്രഗ് സെമിനാറും പഠനോപകരണ

വിതരണവും നടത്തപ്പെട്ടു. കറ്റാനം അക്സെപ്റ്റ് (IRCA) കൗൺസലിംഗ് സെന്ററിലെ കൗൺസിലർ ശ്രീ. ജോമോൻ ക്ലാസ് നയിച്ചു. ചേതന അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫിലിപ്പ് ജമ്മത്തു കളത്തിൽ സ്വാഗതം ആശംസിച്ച പ്രസ്തുത പ്രോഗ്രാം ചേതന ഡയറക്ടർ ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ ഉദ്ഘാടനം ചെയ്തു. സഫലം കോഡിനേറ്റർ ശ്രീമതി ഷൈനി ആൻഡ്രൂസ്, റെജി രാജു, ചേതന സ്റ്റാഫ് അംഗങ്ങൾ, സഫലം കുട്ടികൾ, മാതാ പിതാക്കൾ എന്നിവർ പങ്കെടുത്തു. കുട്ടികൾക്ക് പഠനോപകരണ കിറ്റ് വിതരണം ചെയ്തു. സഫലം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന ബഹു. ഡോ. ഗീവർഗിസ് ചാങ്ങേത്തിനോടുള്ള ചേത നയുടെ കൃതജ്ഞത യോഗം രേഖപ്പെടുത്തി.

**യാത്രയയപ്പ്**

ചേതന കറ്റാനം റീജണൽ ഡയറക്ടറും, യൂണിറ്റ് ഡയറക്ട റുമായ ഫാ. തോമസ് ചെറുപുഷ്പഭവന് ചേതനയുടെയും കറ്റാനം റീജന്റെയും നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. ചേതന കടമ്പ നാട് റീജണൽ ഡയറക്ടറും യൂണിറ്റ് ഡയറക്ടറുമായ ഫാദർ ജോർജ്ജ് കോട്ടപ്പുറത്തിന് ചേതനയുടെയും കടമ്പനാട് റീജന്റെയും നേതൃത്വത്തിൽ യാത്രയയപ്പ് നൽകി.

**കേരള ഡോമസ്റ്റിക് വർക്കേഴ്സ് ഫോറം-KDWF**

ഗാർഹിക തൊഴിൽ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തണ മെന്ന് കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള കേരള ഡോമസ്റ്റിക് വർക്കേഴ്സ് ഫോറം ആവശ്യപ്പെട്ടു. എറണാകുളത്ത് വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററിൽ നടന്ന ഫോറത്തിന്റെ നേതൃസമ്മേളനം കെ.സി.ബി.സി ലേബർ കമ്മീഷൻ സെക്രട്ടറി ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.അൺഓർഗ നൈസ്ഡ് വർക്കേഴ്സ് ട്രേഡ് യൂണിയൻ അലൈൻസ് ചെയർമാൻ ജോസഫ് ജൂഡ് അദ്ധ്യക്ഷത വഹിച്ചു. കേരള ലേബർ മൂവ്മെന്റ്

സംസ്ഥാന പ്രസിഡന്റ് ബാബു തണ്ണിക്കോട് മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ജോസ് മാത്യൂ ഊക്കൻ, ട്രഷറർ ഡിക്സൺ മനീക്ക് എന്നിവർ പ്രസംഗിച്ചു. കേരള ഡോമസ്റ്റിക് വർക്കേഴ്സ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്ന തിനും ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികൾ സമ്മേളനം അംഗീകരിച്ചു. കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള കേരള ഡോമസ്റ്റിക് വർക്കേഴ്സ് ഫോറത്തിന്റെ പ്രസിഡന്റായി തിര ഞ്ഞെടുക്കപ്പെട്ട അഡ്വ. അഞ്ജലി സൈറസിനും ജനറൽ സെക്ര ട്ടറിയായി ശോഭ ആന്റണിയും ഉൾപ്പെടെയുള്ള സംസ്ഥാന നിർവാ ഹക സമിതിയിൽ, മാവേലിക്കര ഭദ്രാസന പ്രതിനിധിയായി ശ്രീമതി ഷൈനി ആൻഡ്രൂസിനെ എക്സിക്യൂട്ടിവ് മെമ്പറായി തെരെഞ്ഞെടുത്തു. പ്രസ്തുത മീറ്റിംഗിൽ മാവേലിക്കര ഭദ്രാസന കെ.എൽ.എം പ്രതിനിധീകരിച്ച് ശ്രീമതി ഷൈനി ആൻഡ്രൂസും ശ്രീമതി കുഞ്ഞുമോൾ രാജുവും പങ്കെടുത്തു.

## ആദരാഞ്ജലികൾ

**ശ്രീ. കെ.ജി അയ്പ്പ് (91)**

ബഹു. കാലേബ് ചെറുവള്ളിൽ അച്ചന്റെ വത്സല പിതാവ് ശ്രീ. കെ.ജി. അയ്പ്പ് (91) 2024 മെയ് 17-ന് നിര്യാതനായി. ശവസം സ്ക്കാര ശുശ്രൂഷകൾ 2024 മെയ് 18 ഉച്ചകഴിഞ്ഞ് 02.00-ന് ഭവന ത്തിലും തുടർന്ന് 03.00-ന് കാരിച്ചാൽ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലും നടത്തപ്പെട്ടു.

അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഭവനത്തിലും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ദൈവാലയത്തിലും ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**ശ്രീ. ആന്റണി തോമസ് നാലുതെങ്ങുങ്കൽ (84)**

ബഹു. തോമസ് നാലുതെങ്ങുങ്കൽ അച്ചന്റെ വത്സല പിതാവ് നാലുതെങ്ങുങ്കൽ ശ്രീ. ആന്റണി തോമസ് (84) നിര്യാതനായി. ശവസംസ്ക്കാരം 2024 മെയ് 27 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 02.00 മണിക്ക് ആലപ്പുഴ, തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ നടത്തി. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഭവനത്തിൽ എത്തി പ്രാർത്ഥിച്ചു.

**ശ്രീ. T.ചാക്കോ സർ കന്നിമേൽ പടീറ്റതിൽ (82)**

ബഹു. തതോമസ് പ്രശാന്ത് OIC അച്ചന്റെ വത്സല പിതാവ് കല്ലുമല, കന്നിമേൽ പടീറ്റതിൽ T.ചാക്കോ സർ (82) 2024 മെയ് 30 ഉച്ചകഴിഞ്ഞ് 02.30-ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷ 2024 ജൂൺ 01 ഉച്ചകഴിഞ്ഞ് 02.00-ന് ഭവനത്തിലും തുടർന്ന് കല്ലുമല സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിലും നടത്തി. പ്രശസ്ത ചിത്രകാരനായ ചാക്കോ സർ, ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ ചിത്രങ്ങൾ വരയ്ക്കുന്നതിൽ അസാധാരണ മികവ് കാണിച്ചിരുന്നു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഭവനത്തിൽ എത്തി പ്രാർത്ഥിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ദൈവാലയത്തിലെ ശുശ്രൂ.കൾക്ക് നേതൃത്വം നല്കി.

പരേതരുടെ ആത്മശാന്തിക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# സ്മരണീയ ദിനങ്ങൾ

## ജൂൺ

01 - വി. ജസ്റ്റിൻ
04 - അഭിവന്ദ്യ ഗിവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ ഓർമ്മ
05 - വി. ബോനിഫസ്
07 - തിരുഹൃദയ തിരുനാൾ (ലത്തീൻ ക്രമം)
08 - മറിയം ത്രേസ്യാ
11 - മാർ ബർത്തുൽമായി ശ്ലീഹായും, മാർ ബർണബാസും, മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനദിനം, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും തിരുവല്ല ഭദ്രാസനത്തിന്റെയും സ്ഥാപനം,
13 - പാദുവായിലെ വി. അന്തോണിയോസ്
14 - ഏലിശാ നിബിയാ
15 - വി. ദൈവമാതാവിന്റെ നാമത്തിൽ പ്രഥമ ദൈവാലയം സ്ഥാപിച്ചതിന്റെ ഓർമ്മ
16 - ശ്ലീഹാ നോമ്പാരംഭം,
18 - മാർ അപ്രേം മല്പാൻ
19 - മാർ യൂദാ തദ്ദായി ശ്ലീഹാ
21 - വി. അലോഷ്യസ് ഗോൺസാഗ
23 - സെമിനാരി ദിനം
24 - യോഹന്നാൻ മാംദാനയുടെ ജനനം, ചേപ്പാട്ട് ഫീലിപ്പോസ് റമ്പാന്റെ ഓർമ്മ

27 - അഭിവന്ദ്യ യാക്കോബ് മാർ തിയോഫിലോസ് പിതാവിന്റെ ഓർമ്മ

28 - മാർ ഐറേനിയോസ്,
അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

29 - മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ,
ശ്ലീഹാ നോമ്പുവീടൽ, സെന്റ് മേരീസ് മലങ്കര സെമിനാരി സ്ഥാപനദിനം, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും മെത്രാഭിഷേക വാർഷികം, അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നാമഹേതുക തിരുനാൾ

30 - പന്ത്രണ്ടു ശ്ലീഹന്മാർ

*Let us Remember,*
*Congratulate and Pray..*

**JUNE**

**BIRTHDAY**



| | | |
|---|---|---|
| Fr. Kaleb Cheruvallil | - | June 06 |
| Fr. George Kottapuram | - | June 13 |
| Fr. Thomas Sankarathil | - | June 13 |

# Programme Diary of His Grace

## JUNE

| Date | Venue / Function | Time |
|---|---|---|
| 01 | Kattanam | 09.00 AM |
| | Eerezha | 11.00 AM |
| 02 | Kumpazha | 10.00 AM |
| | Veliyam | 03.00 PM |
| 03 | Amalagiri/ UCPI Online meet | 04.00 PM |
| 04-06 | POC/ KCBC | |
| 07 | Moovattupuzha/ Regional Bishops' Meet | |
| 08 | POC/ KCSL | 10.00 AM |
| | POC/ Teachers' Guild | 11.00 AM |
| | Ampalathumkala | 05.00 PM |
| 09 | Kizhakketheruvu | 07.30 AM |
| | Kurathikadu | 03.00 PM |
| | Pathanamthitta/ YMCA | 06.00 PM |
| 10 | Kottoor/ Mar Gregorios Day | 09.00 AM |
| 11-12 | UCPI/ Coimbatore | |
| 14 | Pallippadu/ YMCA | 06.00 PM |
| 15 | Amalagiri/ Priests' Meet | 10.00 AM |
| | Amalagiri/ Un-Aided School Meet | 02.00 PM |

| Date | Venue / Function | Time |
|---|---|---|
| 17 | Adoor | 10.00 AM |
| 18 | Amalagiri/ Kerala Madyavirudha janakeeyamunnani Meet | 10.00 AM |
| 19 | Karimthottuva | 07.30 AM |
| 20 | Venmony | 07.00 AM |
| 21 | Charummoodu | 07.00 AM |
| 22 | POC/ Education Meet | 10.00 AM |
| 23 | Kummalloor | 07.30 AM |
| 26 | Karichal | 07.00 AM |
| 27 | Puthoor | 11.00 AM |

## 2024 ജൂൺ
## മാർപാപ്പയുടെ പ്രാർത്ഥനാ നിയോഗം



യുദ്ധത്തിൽ നിന്നോ പട്ടിണിയിൽ നിന്നോ പലായനം ചെയ്യുന്ന കുടിയേറ്റക്കാർ അപകടവും അക്രമവും നിറഞ്ഞ യാത്രകളിൽ ഏർപ്പെടാൻ നിർബന്ധിതരാകുന്നു. അവരെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ സ്വാഗതവും പുതിയ അവസരങ്ങളും കണ്ടെത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



മ്സമറോനോ, ഹെവ്പദിയാക്കോനോ, മ്ശംശോനോ പട്ടങ്ങൾ
സ്വീകരിച്ചവർ അഭിവന്ദ്യ പിതാവിനോടൊപ്പം
(കല്ലുമല, 2024 മെയ് 25)



എം. സി. എം എഫ്: ഭദ്രാസനതല സമ്മേളനം
(നെടിയവിള, 2024 മെയ് 31)



പ്രബോധന അധ്യാപക സംഗമം: ഗുരു 2K24
(കറ്റാനം, 2024 ജൂൺ 01)

If undelivered please return to

***AMALA VOICE***
Amalagiri Catholic Bishop's House
Punnamoodu, Mavelikara - 690 101
Alleppey Dist., Kerala.

**Published by the Chancellor, Catholic Diocese of Mavelikara**
Printed at Mar Ivanios Offset, Erezha, Mavelikara - 690 106